Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക- സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിന് സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 5 പ്രകാരം "സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമാണെന്നത് പരിഗണിച്ചും ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പദ്ധതികളിൽ ഭിന്നശേഷി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് കൂടി കണക്കിലെടുത്തും റേഷൻ മുൻഗണനയിൽ ടി വിഭാഗത്തിന്റെ സംവരണത്തിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനർഹരായ എത്ര കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്നും അർഹതയുള്ള എത്ര കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയെന്നും അറിയിക്കാമോ?

മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകിയതുപ്രകാരം 11587 എ.എ.വൈ. കാർഡുകളും 74,626 പി.എച്ച്.എച്ച്. കാർഡുകളും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ. വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച്. വിഭാഗത്തിൽ 1,32,000-വും ഒഴിവുകളുണ്ടായി. ഈ ഒഴിവുകളിൽനിന്ന് അർഹരെന്ന് കണ്ടെത്തിയ 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി 1-8-2021 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾ

265 (265) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുകൾ സംബന്ധിച്ച എത്ര പരാതികളാണ് ആലത്തൂർ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈ ഓഫീസിൽ ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	അപേക്ഷകളുടെ എണ്ണം
മേലാർകാട്	395
കുഴൽമന്ദം	298
തേക്കുറിശ്ശി	318
കിഴക്കഞ്ചേരി	564
ആലത്തൂർ	429
വണ്ടാഴി	368
എരിമയൂർ	512
ആകെ	2884

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഭ്യമായ 2884 അപേക്ഷകളിൽ 1463 എണ്ണം ഹിയറിംഗ് നടത്തി 968 എണ്ണം മുൻഗണനയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫീൽഡ് വിസിറ്റും ഹിയറിംഗും നടത്തി പരിശോധിച്ചതിൽ എത്ര പരാതികളാണ് അർഹതയില്ലാത്തതായി കണ്ടെത്തിയതെന്ന വിവരം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; അർഹരായവരുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ കാർഡുടമകളെ യഥാസമയം രേഖാമൂലം അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്ത്	അപേക്ഷകളുടെ എണ്ണം
മേലാർകാട്	52
കുഴൽമന്ദം	78
തേക്കുറിശ്ശി	57
കിഴക്കഞ്ചേരി	94
ആലത്തൂർ	80
വണ്ടാഴി	61
എരിമയൂർ	73
ആകെ	495

കാർഡ് മാറ്റം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ കാർഡുടമകളെ ഫോൺ മുഖാന്തരം അറിയിക്കുന്നുണ്ട്.

വയനാട് ജില്ലയിലെ റേഷൻ കാർഡ് ഉടമകൾ

266 (266) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആകെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം താലൂക്ക് തിരിച്ച് നൽകാമോ?

താലൂക്ക്	റേഷൻ കാർഡ് ഉടമകളുടെ എണ്ണം
വൈത്തിരി	71767
സുൽത്താൻ ബത്തേരി	85002
മാനന്തവാടി	71438
ആകെ	228207

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങൾകൊണ്ട് വർദ്ധിച്ച റേഷൻ കാർഡുകളുടെ എണ്ണം താലൂക്ക് തിരിച്ച് നൽകാമോ?

താലൂക്ക്	വർദ്ധിപ്പിച്ച റേഷൻ കാർഡുകളുടെ എണ്ണം
വൈത്തിരി	10597
സുൽത്താൻ ബത്തേരി	12707
മാനന്തവാടി	20431
ആകെ	43735

(സി) വയനാട് ജില്ലയിൽ ഇതുവരെ വിതരണം ചെയ്ത സൗജന്യ ഭക്ഷ്യധാന്യ കിറ്റുകളുടെ എണ്ണം മാസം തിരിച്ച് നൽകാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ഡി) വയനാട് ജില്ലയിലെ റേഷൻ കടകളുടെ എണ്ണം താലൂക്ക് തിരിച്ച് നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly